# ജി.എം.യു.പി സ്കൂൾ പൂനൂർ




# അക്കാദമിക മാർഗ്ഗരേഖ

# 2025-26

# അക്കാദമിക മാസ്റ്റർ പ്ലാൻ - കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ

**ആമുഖം**

വരും തലമുറയെ ആധുനിക കാലഘട്ടത്തിലെ വെല്ലുവിളികളെ നേരിടുന്നതിനു തനതായ ജീവിത രീതികളിലൂടെ കഴിവുള്ളവരും പ്രാപ്തരുമാക്കി മാറ്റുന്നതിനും പൊതു വിദ്യാഭ്യാസം ശക്തിപ്പെടുത്തേണ്ടത് കാലഘട്ടത്തിൻ്റെ അനിവാര്യതയാണെന്ന് തിരിച്ച റിയാൻ ഇനിയും വൈകിക്കൂടാ ....

സമൂഹത്തെ മുന്നോട്ടു നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിൻ്റെ ആത്യന്തിക ലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹിക പുരോഗതിയാണ് നാം ലക്ഷ്യം വെക്കുന്നത് . കേരളം മറ്റു പല രംഗങ്ങളിലും എന്ന പോലെ വിദ്യാഭ്യാസ രംഗത്തും - ഭൗതിക രംഗത്തും അക്കാദമിക രംഗത്തും - ഏറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്.പൊതു വിദ്യാലയങ്ങളിലേക്ക് മുൻകാലങ്ങളിലില്ലാത്ത വിധം ലക്ഷക്കണക്കിന് കുട്ടികൾ പുതിയതായി വന്നു ചേരുന്നു. ഇത് സമൂഹ ത്തിന് പൊതുവിദ്യാലയങ്ങളിലുള്ള വിശ്വാസം വർദ്ധിച്ചതിൻ്റെ വ്യക്തമായ സൂചനയാണ്.
അനുസ്യൂതം മാറികൊണ്ടിരിക്കുന്ന ലോകത്ത് കാലാനുസൃതമായ മാറ്റങ്ങളോടെ അക്കാദമിക മാസ്റ്റർ പ്ലാൻ നിർമിക്കേണ്ടതുണ്ട്. കോവിഡ് മഹാമാരി വിദ്യാഭ്യാസ രംഗത്ത് സൃഷ്ടിച്ച പ്രതിസന്ധി പരിഹരിക്കുന്നതിനും നമ്മുടെ ഈ പദ്ധതിയിൽ പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടതുണ്ട്. വരും വർഷങ്ങളിൽ നമ്മുടെ വിദ്യാലയം അക്കാദമിക രംഗത്ത് വളരെ മുൻപന്തിയിൽ നിൽക്കണം. അക്കാദമികമാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിൽ ഈ വിദ്യാലയത്തിലെ ഓരോ അധ്യാപകനും പ്രവർത്തിക്കുകയാണ്. കൂടാതെ കുട്ടികളുടെ സർവതോന്മുഖമായ വികാസത്തിനു പഠനാന്തരീക്ഷം ഒരുക്കുന്നതിൻ്റെ ഭാഗമായി നൂറു വർഷത്തോടടുക്കുന്ന പ്രവർത്തന പാരമ്പര്യമുള്ള നമ്മുടെ വിദ്യാലയത്തിൽ ഏതെല്ലാം തരത്തിലുള്ള അക്കാദമിക പ്രവർത്തനങ്ങളാണ് ഒരുക്കേണ്ടത് എന്ന ചോദ്യം ഞങ്ങൾക്കൊപ്പം തന്നെ പൊതു സമൂഹത്തിനു മുന്നിലും ഞങ്ങൾ അവതരിപ്പിച്ചു. അതിൻ്റെ ഫലമായി വിഷൻ 25 എന്ന കർമ്മ പദ്ധതി രൂപീകരിക്കുകയും അതിൽ തീരുമാനിച്ച പദ്ധതികൾ 2025 ആകുമ്പോഴേക്കും പൂർത്തീകരിക്കാനായി ആസൂത്രണം ചെയ്തിരിക്കുന്നു .

**ചരിത്രം**

1925 ഓഗസ്റ്റ് 3 നാണ് പൂന്തൂർ ബോർഡ് എന്ന പേരിൽ അന്നത്തെ കുറുമ്പനാട് താലൂക്കിൽ പൂന്തൂർ ജി.എം.യു.പി.സ്കൂൾ എന്ന വിദ്യാലയം സ്ഥാപിതമാകുന്നത്. പേരാമ്പ്രക്കടുത്ത വാല്യക്കോട് എന്ന സ്ഥലത്തുനിന്ന് ഈ വിദ്യാലയം പൂന്തൂരിലേക്ക് മാറ്റി സ്ഥാപിക്കുകയായിരുന്നു. ഏകാധ്യാപക വിദ്യാലയമായി ആരംഭിച്ച ഈ സ്കൂളിന്റെ ആദ്യ സാരഥി ബഹുമാന്യനായ ശ്രീ.എം.എസ്.രാമഅയ്യരാണ്. ഈറ്റഞ്ചേരി മണ്ണിൽ ശേഖരൻ നായരുടെ മകൻ ഗോപാലൻ എന്ന ആളാണ് ഈ വിദ്യാലയത്തിൽ പ്രവേശനം നേടിയ ആദ്യ വിദ്യാർത്ഥി . ആദ്യ ദിവസം തന്നെ പ്രവേശനം നേടിയ 45 വിദ്യാർത്ഥികളടക്കം 3.08.1925 മുതൽ 08.02.1926 വരെയുള്ള ഒരു വർഷ കാലയളവിൽ 98 കുട്ടികൾ ഈ വിദ്യാലയത്തിൽ ചേർന്നിട്ടുണ്ട്. ആ കാലഘട്ടത്തിലെ പ്രത്യേക സാമൂഹിക വ്യവസ്ഥിതി കാരണമായിരിക്കണം പ്രസ്തുത വർഷത്തിൽ 3 പെൺകുട്ടികൾ മാത്രമേ വിദ്യാലയത്തിൽ പ്രവേശനം നേടിയിട്ടുള്ളൂ. മാപ്പിള സ്കൂൾ ആയിരുന്നിട്ടും ആരംഭ വർഷത്തിൽ പ്രവേശനം നേടിയ മൂന്നു പെൺകുട്ടികളും മറ്റു മതസ്ഥരായിരുന്നു.ഒന്നാം ക്ലാസിൽ 79 ഉ o രണ്ടാം ക്ലാസിൽ 19 ഉം ആയിരുന്നു തുടക്കത്തിൽ കുട്ടികളുടെ എണ്ണം. പൂന്തൂർ പുഴയോരത്ത് പഴയ പാലത്തിനടുത്ത കെട്ടിടത്തിലായിരുന്നു സ്കൂൾ പ്രവർത്തിച്ച് തുടങ്ങിയത്. 02.11.1928 ൽ അധ്യാപകരുടെ എണ്ണം രണ്ടായി ഉയർന്നു. 12.08.1945 ലാണ് ആദ്യത്തെ ബാച്ച് ഇ എസ് .എൽ.സി. പരീക്ഷയെഴുതുന്നത്. 1960 വരെ ഈ നില തുടർന്നു. 1960 - 6 ൽ ക്ലാസുകളുടെ എണ്ണം 7 ആം സ്റ്റാൻഡേർഡു വരെ മാത്രമായി ചുരുങ്ങി. 1968 ൽ പൂന്തൂർ ഗവൺമെന്റ ഹൈസ്കൂൾ, ഈ വിദ്യാലയത്തിന്റെ ഭാഗമായാണ് പ്രവർത്തനമാരംഭിച്ചത്. എന്നാൽ തൊട്ടടുത്ത വർഷം തന്നെ അത് പൂന്തൂരങ്ങാടിയിൽ നിന്നും രണ്ടു കിലോമീറ്റർ തെക്കു മാറിയുള്ള പരന്നപറമ്പ് എന്ന സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കപ്പെട്ടു.നാൽപതിലേറെ അധ്യാപകർ ജോലി ചെയ്തു വന്നിരുന്ന സമയത്താണ് 1973 ൽ എൽ.പി.വിഭാഗം ഇവിടെ നിന്നും വേർപെടുത്തുന്നത്. ഇപ്പോൾ 5,6,7 എന്നീ ക്ലാസുകൾ മാത്രം പ്രവർത്തിക്കുന്ന ഈ വിദ്യാലയത്തിൽ 27 ഡിവിഷനുകളുണ്ട്. 2003 ൽ ഇംഗ്ലീഷ് മീഡിയം ഡിവിഷൻ ആരംഭിക്കുകയും 2004 ൽ സ്വന്തം സ്ഥലം വാങ്ങുകയും പൂന്തൂർ നരിക്കുനി റോഡിന്റെ ഇരുവശങ്ങളിലുമായി സ്ഥിതി ചെയ്തിരുന്ന വാടകക്കെടിടത്തിൽ നിന്നും 2007 അവസാനത്തോടെ സ്വന്തം കെട്ടിടത്തിലേക്ക് പൂർണമായും മാറുകയും ചെയ്തു.കലാ-കായിക-ശാസ്ത്ര - സാമൂഹ്യ ശാസ്ത്ര - ഗണിത ശാസ്ത്ര - പ്രവർത്തിപരിചയ- ഐടി മേളകളിൽ ചാമ്പ്യൻഷിപ്പും മികച്ച വിജയങ്ങളും കരസ്ഥമാക്കിയ ചരിത്രമാണ് ഈ വിദ്യാലയത്തിനുള്ളത്. സ്വന്തമായി കളിസ്ഥലം ഇല്ലാതിരുന്ന കാലത്ത് കായിക മേളകളിൽ നേടിയ

വിജയം ചരിത്രത്തിലെ അവിസ്മരണീയ മുഹൂർത്തങ്ങളാണ്. സ്കൂൾ പി.ടി.എ , സ്റ്റാഫ് കൗൺസിൽ, നാട്ടുകാർ എന്നിവരുടെ കർമനിരതമായ പ്രവർത്തനങ്ങളാണ് ഈ വിദ്യാലയത്തിന്റെ വിജയ രഹസ്യം.

### പൊതു ലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തും.
2. കുട്ടികളുടെ സർഗ്ഗ പരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സബ്ബ് ജില്ലാ,ജില്ലാമത്സരങ്ങ ളിൽ നേട്ടം കൈവരിക്കാൻ പ്രാപ്തരാക്കും.(സംഗീതം, ചിത്രരചന, അഭിനയം, കഥാരചന, കവിതാ രചന,തുടങ്ങിയ മേഖലകളി ൽകഴിവുള്ള കുട്ടികളെ കണ്ടെത്തി പരിശീലനം നൽകും)
3. ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി പഠനം കൂടുതൽ അനായാസവും താല്പര്യമുള്ളതുമാക്കുക.
4. സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ആധുനിക വിവര സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗത്തിന് പരിശീലനം നൽകു ന്നതാണ്.
5. പഠന പിന്നോക്കമുള്ള കുട്ടികളെ മറ്റു കുട്ടികളോടൊപ്പം എത്തിക്കുക എന്ന ലക്ഷ്യത്തോടെ പ്രീടെസ്റ്റിലൂടെ തെരഞ്ഞെടുത്ത കുട്ടികൾക്ക് എല്ലാ ശനിയാഴ്ചകളിലും പ്രത്യേക പരിശീലനം നൽകുന്നതാണ്.
6. പഠനത്തിൽ മുന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പരിശീലനം നൽകി ഉയർന്ന നിലവാരത്തിലെത്തിക്കുന്നതാണ്.
7. യു. എസ്. എസ് സ്കോളർഷിപ്പ്, ന്യൂ മാറ്റ്സ് സ്കോളർഷിപ്പ് പരീക്ഷകൾക്ക് പരിശീലനം നൽകുകയും മോഡൽ പരീക്ഷകൾക്ക് പരിശീലനം നൽകുകയും മോഡൽ പരീക്ഷകൾ നടത്തി കുട്ടികളെ പ്രാപ്തരാക്കുന്നതാണ് .
8. സ്കൂൾ ലൈബ്രറി നവീകരണം, വായനപ്പുര സജ്ജീകരിക്കൽ ,ക്ലാസ്സ് ലൈബ്രറി സ്ഥാപിക്കൽ ,അമ്മ വായന എന്നിവയിലൂടെ പുതിയൊരു വായന സംസ്കാരം വളർത്തിയെടുക്കും.
9. കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തുന്നതിന് ശാസ്ത്ര ലാബ് സൗകര്യം മെച്ചപ്പെടുത്തി വിപുലീകരിക്കും.
10. മറഞ്ഞു കൊണ്ടിരിക്കുന്ന കാർഷിക സംസ്കൃതിയെ തിരികെ എത്തിക്കാനും ,കുട്ടികളിൽ കൃഷിയോടുള്ള ആഭിമുഖ്യം വളർത്താനും ജൈവ വൈവിധ്യ പാർക്ക് എന്ന പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു. ഈ കൃഷിയിലൂടെ സ്കൂളിലെ ഉച്ചഭക്ഷണ പരിപാടിയിലേക്ക് വിഭവങ്ങൾ ശേഖരിക്കാനും പദ്ധതിയിടുന്നു. കൃഷിയറിവിൻ്റെ പുതിയ പാഠങ്ങൾ കുട്ടികളിലെത്തിക്കാൻ ഈ പ്രവർത്തനത്തിലൂടെ കഴിയും.
11. മാലിന്യ മുക്ത വിദ്യാലയം, പരിസ്ഥിതി സൗഹൃദ വികസനം എന്ന ലക്ഷ്യത്തോടെ ഉണ്ണികുളം പഞ്ചായത്തിന്റെ സഹായത്തോടെ മാലിന്യ സംസ്കരണ പദ്ധതി സ്കൂളിൽ നടപ്പിലാക്കും. ജൈവ അജൈവ മാലിന്യങ്ങളെ തരംതിരിച്ച് സംസ്കരിക്കാനുള്ള പ്രവണത കുട്ടികളിൽ വളർത്തിയെടുക്കും.

# English

Class :5-7
Year :2025-26

**Introduction**

The class room Must be organised in such a way asked to make the learners participate in the learning activities. Learning process should aim at the all round development of the learners. They might have some loss of basic skills. There may be learning gap and so many challenges among students regarding to listening, speaking, reading and writing skills. The following are some activities to develop these skills and overcome the challenges.

OBJECTIVES

- To include all students in English language learning process.
- To enrich and enhance the language proficiency of the learners.
- To support and motivate the low proficient learners by scaffolding.
- To make the learning process enjoyable by group level competition and peer group learning.

## PRE PLANNING

Based on the performance of the learners in the pretest, categorised the students and give them proper assistance in reading and writing. Little Mentors are selected to help their peers, those who face difficulties in reading and writing.

## ACADEMIC MASTER PLAN SCHOOL ACTIVITY FORMAT CLASS 5-7

| SI NO | Aim | ACTIVITIES | RESPONSIBLE PERSON | DURATION | FINANCE | REMARKS |
|---|---|---|---|---|---|---|
| 1 | To encourage listening and speaking:<br>Introduce different genres Story, poetry.<br>Enhance vocabulary<br>Enhance listening skills. | Interactive storytelling sessions, discussing characters and plots to enhance listening skills.<br>Play the audio of the English news .<br>Discussions and role plays to improve speaking skills.<br>Vocabulary games an exercises to build word knowledge. | ENGLISH TEACHERS | June-July | | |
| 2 | To encourage reading.<br>Develop basic reading , writing, listening and speaking skills.<br>Cultivate effective communication skills for various contexts. | Interactive reading circles.<br>Divide students into small groups and provide them with age appropriate texts such as short stories or excerpt from novels. Each group reads and assigned text together and discuss key elements like plot and characters. Encourage students to take turns reading aloud and share their interpretations and reactions to the text. After discussions, each group presents a summary.<br>Guided reading sessions with comprehension questions.<br>Listening comprehension exercises using audio stories.<br>Effective use of the reading corner in the school. | English teachers | July - December | | |
| 3 | **To develop writing skills;**<br>Introduce grammatical concepts suggest parts of speech ,tenses and sentence structure, punctuations etc<br>Expand vocabulary through reading and interactive activities. | Practise for simple creative writing tasks like descriptive paragraphs, short stories and simple poems.<br>Preparing and delivering speeches, worksheets on parts of speech, punctuations and sentence types.<br>. | English teachers | January | 1000 | |
| 4 | LSRW<br>Language games, puzzles and activities. | Integrate language games and activities to reinforce vocabulary, grammar and language skills in an engaging way.<br>Prepare dictionary, English fest, magazine publishing and prize distribution. | English teachers | January - February | | |
| 5 | Differentiation and | Recognise and accommodate the | English | Through | | |

| | | | | | | |
|---|---|---|---|---|---|---|
| | support. | diverse learning needs of students through differentiated instructions, including accommodations and modifications for specially abled students and gifted learners. Provide additional support and resources suggest small group instructions, tutoring, peer mentoring and remedial programmes to help struggling students and challenge advanced learners. | teachers | out the year | | |

# അടിസ്ഥാന ശാസ്ത്രം

**ആമുഖം: നിത്യജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെടുത്തി ആയിരിക്കണം ശാസ്ത്രപഠനം. അത് ഒരിക്കലും ക്ലാസ് മുറികളിൽ ഒതുങ്ങി നിൽക്കുന്ന ഒന്നല്ല. അതിനാൽ വാതിൽപ്പുറ പഠനങ്ങൾക്കും പ്രാധാന്യം നൽകേണ്ടതുണ്ട്. വിദ്യാർത്ഥികളിൽ ശാസ്ത്രാവബോധം വളർത്തുന്നതിനും, നിത്യജീവിതത്തിൽ ശാസ്ത്രത്തിന്റെ പ്രായോഗികത തിരിച്ചറിയുന്നതിനും ' പ്രാവർത്തികമാക്കുന്നതിനും സഹായകമായ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്ന ലളിതവും, പാഠാനുബന്ധിതവുമായിട്ടുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് രൂപപ്പെടുത്തിയിരിക്കുന്നതാണ് സയൻസ് അക്കാദമിക് മാസ്റ്റർ പ്ലാൻ**

**<u>ലക്ഷ്യങ്ങൾ</u>**

**ശാസ്ത്രീയ വീക്ഷണം രൂപപ്പെടുത്തുക.**

**പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക.**

**ദൈനം ദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തുക.**

**ശാസ്ത്രാവബോധം വളർത്തുക.**

**നിത്യജീവിതത്തിൽ ശാസ്ത്രത്തിന്റെ പ്രായോഗികത തിരിച്ചറിയുന്നതിനും പ്രാവർത്തികമാക്കുന്നതിനും സഹായകമായ പ്രവർത്തനങ്ങൾ കുട്ടികളെ ഉൾക്കൊള്ളിച്ച് കൊണ്ട് നടത്തുന്നു.**

**കുട്ടികളിൽ ശാസ്ത്രാവബോധവും അഭിരുചിയും വളർത്തുന്നതിനും പരീക്ഷണോപകരണങ്ങൾ തെരെഞ്ഞെടുക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും കുട്ടികളെ പ്രാപ്തരാക്കുക.**

**അമൂർത്ത ആശയങ്ങളെ മൂർത്തവത്കരിക്കുക.**

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | പ്രകൃതിയുമായി ഇണങ്ങിച്ചേരൽ | ചിത്രശലഭ പാർക്ക് ഒരുക്കൽ, ജൈവവൈവിധ്യ ഉദ്യാനം ഒരുക്കുക.( കുട്ടികളിൽ പ്രകൃതി സ്നേഹം, സഹജീവി സ്നേഹം വളർത്തുക, വിവിധതരം സസ്യങ്ങളെ | 1 വർഷം | സയൻസ് ക്ലബ്ബ് | 4000 | സയൻസ് ക്ലബ്ബ് |

| | | | | | | |
|---|---|---|---|---|---|---|
| | | തിരിച്ചറിയുക തുടങ്ങിയവ ലക്ഷ്യമാക്കിയുള്ള പ്രവർത്തനം) | | | | |
| 2 | ഹോംലാബ് സജ്ജീകരണം | ചിത്രശലഭ പാർക്ക് ഒരുക്കൽ ഔഷധത്തോട്ട നിർമാണം ( കുട്ടികളിൽ കൃഷിയോടുള്ള ആഭിമുഖ്യം വളർത്തുക, വിവിധതരം സസ്യങ്ങളുടെ പ്രാധാന്യം തിരിച്ചറിയുക, ജീവജാലങ്ങളെ സംരക്ഷിക്കുക തുടങ്ങിയ ശാസ്ത്ര ലക്ഷ്യങ്ങൾ വളർത്തുന്നതിന് സഹായകമായ പ്രവർത്തനം)ഓരോ കുട്ടിയും ഹോം ലാബ് സജ്ജീകരിക്കുന്നു, വ്യക്തിഗതമായി പരീക്ഷണങ്ങളിൽഏർപ്പെടുന്നു. ഹോം ലാബ് ശേഖരണങ്ങൾ ഉപയോഗിച്ചുകൊണ്ട് പാഠഭാഗത്തെ പരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. (ശാസ്ത്ര ക്ലാസുകൾപ്രവർത്തനാധ ിഷ്ഠിതമാകുന്നു. കുട്ടികളിൽ ശേഖരണ മനോഭാവം വളരുന്നു) | ഒരു വർഷം | കുട്ടികൾ, ശാസ്ത്രാധ്യാപക ർ | | |
| 3 | ശാസ്ത്ര വിസ്മയ ച്ചമർ വിസ്മയങ്ങളുടെ ശ്രേണിയാണ് ശാസ്ത്ര പഠനം .ദിനംപ്രതി നൂതന ശാസ്ത്ര വിസ്മയങ്ങൾ ശാസ്ത്രലോകത്ത് പ്രത്യക്ഷമാണ്. ഈ | വിവധ സ്രോതസ്സുകളിൽ ശേഖരിച്ച നൂതനാശയങ്ങൾ പ്രദർശിപ്പിക്കുന്നു. | അധ്യയ ന വർഷം . | സയൻസ് ക്ലബ്ബ് | 1000 | |

| | | | | | | |
|---|---|---|---|---|---|---|
| | അറിവുകളെ വിദ്യാലയത്തിലെ മുഴുവൻ കുട്ടികളിലും എത്തിക്കാനുള്ള ഒരു സംരംഭമാണ് ശാസ്ത്ര വിസ്മയച്ചുമർ. | | | | | |
| 4 | പഠനയാത്ര നേരിട്ടനുഭവങ്ങളിലൂടെയുള്ള ശാസ്ത്ര പഠനം സാധ്യമാക്കാൻ ഫീൽഡ് ട്രിപ്പുകൾ സഹായിക്കുന്നു പഠിച്ച കാര്യങ്ങൾ കാണുകയും അനുഭവിക്കുകയും ചെയ്യുന്നതിലൂടെ കുട്ടിയിൽ താൽപര്യവും തുടർപഠന സാധ്യതയും വർദ്ധിക്കുന്നു | പതിവെയ്ക്കൽ, തൈകളൊട്ടിക്കൽ, കമ്പൊട്ടിക്കൽ എന്നിവ പരിചയപ്പെടാൻ നഴ്സറി സന്ദർശനം, വിവിധ ആവാസവ്യവസ്ഥകൾ സന്ദർശിക്കൽ. | നവംബർ | സയൻസ് ക്ലബ്ബ് | 6000 | |
| 5 | **വാനനിരീക്ഷണം** ആകാശക്കാഴ്ചകൾ എന്നും മനുഷ്യനെ വിസ്മയിപ്പിച്ചിട്ടേയുള്ളൂ ഗ്രഹങ്ങൾ ,നക്ഷത്രങ്ങൾ ,നക്ഷത്ര ഗണങ്ങൾ ചന്ദ്രൻ്റെ വൃദ്ധിക്ഷയങ്ങൾ തുടങ്ങിയ ആകാശപ്രതിഭാസങ്ങൾ അത്ഭുതപ്പെടുത്തുന്നവയാണ് പ്രപഞ്ച പ്രതിഭാസങ്ങളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കാനും ശാസ്ത്രീയ നിലപാട് സ്വീകരിക്കാനും കുട്ടികളെ പ്രാപ്തരാക്കേണ്ടതുണ്ട് . | വാനനിരീക്ഷണം, നക്ഷത്ര ഗണം വരയ്ക്കൽ, ചന്ദ്രൻ്റെ വൃദ്ധിക്ഷയം - മോഡൽ തയ്യാറാക്കൽ. | മാർച്ച് | സയൻസ് ക്ലബ്ബ് | 3000 | |

## സാമൂഹ്യ ശാസ്ത്രം

| SI NO | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | സാമൂഹ്യ ശാസ്ത്രത്തിൻ്റെ അടിസ്ഥാന തല അറിവുകൾ,ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിൻ്റെ അടിസ്ഥാന തല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു.<br><br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ പ്രകൃതി തലസ്ഥാനങ്ങൾ | ജൂൺ<br><br>ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകർ<br><br>സാമൂഹ്യശാസ്ത്ര അധ്യാപകർ | 5000 | |

| | | | | | | |
|---|---|---|---|---|---|---|
| | | വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ഐസിടി സാധ്യതകൾ ഉപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു. | | | | |
| 2 | വിദ്യാർത്ഥികളെ ചരിത്രാവബോധമുള്ളവരാക്കി മാറ്റിയെടുക്കുക | ICT സാധ്യത ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച കുട്ടികളിൽ ചരിത്രവബോധം വളർത്തുന്നു. | ജൂൺ മുതൽ ഡിസംബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | 20000 | |
| 3 | യുദ്ധവിരുദ്ധമനോഭാവം വളർത്തൽ. | യുദ്ധവിരുദ്ധ സിനിമകൾ ,ഡോക്യുമെൻററി കൾ എന്നിവ പ്രദർശനം. യദ്ധവിരുദ്ധ പ്രതിജ്ഞ. | ഒക്ടോബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | | |
| 4 | രാഷ്ട്രസ്നേഹം വളർത്തുക | അറിയപ്പെടാത്ത സ്വാതന്ത്ര്യസമര സേനാനികളെ പരിചയപ്പെടുത്തുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | | |
| 5 | ഭൂമിയെ അറിയാൻ | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ ഭൂപടങ്ങൾ, ഗ്ലോബ് , അറ്റ്ലസ്സുകൾ എന്നിവ ക്രമീകരിക്കൽ. വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ ഭൂപടങ്ങൾ, ഗ്ലോബ് , അറ്റ്ലസ്സുകൾ എന്നിവ ക്രമീകരിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ് | 1000 PTA | |
| 6 | വിദ്യാർത്ഥികളെ ചരിത്രാവബോധമുള്ളവരാക്കി മാറ്റിയെടുക്കുക | സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്ര. | മൂന്ന് മാസം കൂടുമ്പോൾ | സാമൂഹ്യ ശാസ്ത്ര SRG | | |
| 7 | ജനാധിപത്യരീതിയുടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു. | ഗ്രാമസഭ വാർഡ്സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | രക്ഷിതാക്കൾ | | |
| 8 | ജനാധിപത്യപരമായ ജീവിതസമീപനം രൂപപ്പെടുത്തുക. | പ്രകടനപത്രിക, പ്രചാരണം, മീറ്റ് ദ കാൻഡിഡേറ്റ്, വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെൻ്റ് രൂപീ കരിക്കൽ. | ജൂലായ് മുതൽ മാർച്ച് | സാമൂഹ്യ ശാസ്ത്ര ക്ലബ് | | |

# ഹിന്ദി

## ഭാഷാ വികാസം

### ലക്ഷ്യങ്ങൾ

1. **അക്ഷരങ്ങളും പദങ്ങളും ആശയങ്ങൾ ഉറപ്പിക്കുക.കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക.**
2. **ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനും ഉള്ള അവസരങ്ങൾ നൽകുക**
3. **എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നു എന്ന് ഉറപ്പുവരുത്തുക.**
4. **സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ.**
5. **ഭാഷാശേഷി വികസനത്തിന് ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്തുക.**
6. **ലാംഗ്വേജ് ലാബ്**

| SN | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം/ ഭൗതികം | പിന്തുണ / റിമാർക്സ് |
|---|---|---|---|---|---|---|
| 1 | അഞ്ചു മുതൽ ഏഴ് വരെയുള്ള എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ. | അക്ഷരം എഴുത്ത് ചിഹ്നം ഉറപ്പിക്കൽ അക്ഷര കാർഡ് വാക്കുകൾ എഴുതിയ കാർഡ് ക്ലാസ്സിൽ അക്ഷരമാല പ്രദർശനം വാക്കുകൾ നിർമാണം വാക്യങ്ങളുടെ നിർമ്മാണം ,കോപ്പി എഴുത്ത്. | ജൂൺ മുതൽ ആഗസ്റ്റ് വരെ | ഹിന്ദി എസ് ആർ ജി | ആയിരം രൂപ (ടീച്ചർ ഗ്രാൻഡ്) | ബി.ആർ. സി , ഡയറ്റ്, റിസോഴ്സ് ടീച്ചേഴ്സ് |
| 2 | വീട് ഒരു പരീക്ഷണശാല കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക. | =>വീട്ടിൽ ഉപയോഗി ക്കുന്ന ഗൃഹോപ കരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക. =>ഐ.സി.ടി സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. =>സി ഡബ്ല്യു എസ് എൻ കുട്ടികളുടെ | സെപ്റ്റംബർ മുതൽ നവംബർ വരെ. | ഹിന്ദി എസ് ആർ ജി | 1000 രൂപ ഹിന്ദി നിഘണ്ടു കമ്പ്യൂട്ടർ, ഇന്റർനെറ്റ് | പിറ്റിഎ, ബി ആർ സി റിസോഴ്സ് ടീച്ചർ. |

| | | | | | | |
|---|---|---|---|---|---|---|
| | | പങ്കാളിത്തം. | | | | |
| 3 | ആശയങ്ങൾ തെറ്റ് കൂടാതെ പ്രകടിപ്പിക്കാനു ം സർഗാത്മക രചനകൾ വികസിപ്പിക്കാനുള്ള അവസരം. (സുരീലി ഹിന്ദി) , നാടക കളരി | =>ഹിന്ദിഅസംബ്ലി ദിനാചരണങ്ങൾ (സെപ്റ്റംബർ 14, ജനവരി10 എന്നിവ)ക്ലാസ് ലൈബ്രറി അധിക വായന സാമഗ്രികൾ ഉപയോഗപ്പെടുത്തുക. =>ചിത്ര സഹായത്തോടെ കഥ പറയൽ. =>ചിത്ര സഹായത്തോടെ കഥയെഴുതൽ =>വായന മൂല =>ക്ലബ്ബ് പ്രവർത്തനങ്ങൾ | ഡിസംബർ മുതൽ ഫെബ്രുവരി വരെ | ഹിന്ദി ക്ലബ് | 1000 രൂപ പുസ്തകങ്ങൾ | ബി. ആർ. സി ഡയറ്റ് പി ടി എ |

# സംസ്കൃതം

## ആമുഖം

സംസ്കൃത ഭാഷാപഠനം ഇന്ന് കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ എൽ പി മുതൽ ആരംഭിച്ചിരിക്കുന്നു. ഒരുകാലത്ത് ശോഷണം സംഭവിച്ചിരുന്ന സംസ്കൃത ഭാഷയ്ക്ക് പുനരുജ്ജീവനം ഇപ്പോൾ സാധ്യമായി കൊണ്ടിരിക്കുന്നു ഭാഷാ പഠനം കുറെ കൂടി മെച്ചപ്പെടേണ്ടതുണ്ട് ഭാഷയുടെ സമീപനത്തിൽ മാറ്റം അനിവാര്യമാണ്

## പൊതു ലക്ഷ്യങ്ങൾ

സംസ്കൃത ഭാഷാ പഠനം ലളിതമാക്കുകരക്ഷിതാക്കളിൽ ഭാഷയോടുള്ള ആഭിമുഖ്യം വളർത്തുക വിദ്യാലയത്തിലെ സംസ്കൃത പ്രവർത്തനങ്ങൾ മികവിന്റെ ഭാഗമായി മാറ്റണംസവിശേഷ കഴിവുകൾ ഉള്ള കുട്ടികൾക്കായി പോഷണ പരിപാടികൾനിർദിഷ്ട ഭാഷാശേഷികൾ നേടാൻ കുട്ടികളെപ്രാപ്തരാക്കുക

| ക്രമനമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | സംസ്കൃത ഭാഷയോടുള്ള താല്പര്യം ഉണ്ടാക്കുക | ശിശുഗീതങ്ങൾ, ക്രീഡകൾ,വിദ്യാലയത്തിലെവിവിധ സ്ഥലങ്ങളിൽ പേരെഴുതൽ | ജൂൺ | സംസ്കൃത അധ്യാപിക | | |
| 2 | സംസ്കൃത ഭാഷയും മാതൃഭാഷയുമായുള്ള അഭേദ്യമായ ബന്ധം പരിചയപ്പെടുത്തുന്നു | ദൈനംദിനജീവിതത്തിൽ ഉപയോഗിക്കുന്ന പദങ്ങൾ ചേർത്ത് പദ കാർഡുകൾ നൽകുന്ന ചിത്ര വായന ചിത്ര കാർഡുകൾ | ജൂലൈ | സംസ്കൃത അധ്യാപിക | | |

| | | | | | | |
|---|---|---|---|---|---|---|
| 3 | ഏകം ദിനം ഏകം പദം | പദപരിചയവർദ്ധനം നിഘണ്ടു നിർമ്മാണം | സെപ്റ്റംബർ മാസംമുതൽ തുടരുന്നു | സംസ്കൃത അധ്യാപിക | | |
| 4 | സംസ്കൃത പ്രശ്നോത്തരി ( മാസത്തിൽ ഒന്ന്) | ഓരോ മാസത്തിലെയും അവസാനത്തെ വെള്ളി യാഴ്ച സംസ്കൃത സാഹിത്യം പൊതുവിജ്ഞാനം എന്നിവ അടിസ്ഥാനമാക്കി ക്വിസ് വിജയികൾക്ക് സമ്മാനം നൽകുന്നു | ജൂൺ മുതൽ മാർച്ച് വരെ | സംസ്കൃത അധ്യാപിക | PTA | |
| 5 | സ്കോളർഷിപ്പ് പരീക്ഷ പരിശീലനം | സെപ്റ്റംബർ മാസം മുതൽ സ്കോളർഷിപ്പ് പരീക്ഷ പരിശീലനം നൽകുന്നു | സെപ്റ്റംബർ -ജനുവരി | സംസ്കൃത അധ്യാപിക | | |
| 6 | സംസ്കൃത കലോത്സവം | സ്കൂൾതല , സബ്ജില്ലാ തല സംസ്കൃത കലോത്സവത്തിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു | ഒക്ടോബർ | സംസ്കൃത അധ്യാപിക | | |
| 7 | ദിനാചരണങ്ങൾ | ദിനാചരണങ്ങൾ സംസ്കൃത ക്ലബ്ബിൻറെ നേതൃത്വത്തിൽ ക്ലാസ് റൂം പ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ച് നടത്തുന്നു | ജൂൺ മാസം മുതൽ മാർച്ച് മാസം വരെ | സംസ്കൃത അധ്യാപിക | | |
| 8 | ക്ലബ്ബ് പ്രവർത്തനം- രൂപീകരണം | സ്കൂൾ തുറന്ന് രണ്ടാഴ്ചയ്ക്കകം ക്ലബ്ബ് പ്രവർത്തനം ആരംഭിക്കുന്നു പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു | | സംസ്കൃത അധ്യാപിക | | |
| 9 | സംസ്കൃത സംഭാഷണ ശില്പശാലകൾ | സംസ്കൃത സംഭാഷണ പരിശീലനം പഠനസമയം നഷ്ടപ്പെടുത്താതെ നൽകുന്നു . ലേഖന പരിമിതി മറികടക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു | നവംബർ | സംസ്കൃത അധ്യാപിക | | |

# മലയാളം

**ലക്ഷ്യങ്ങൾ**

1. ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയസം വേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക
2. എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കുക
3. എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നു എന്ന് ഉറപ്പുവരുത്തുക
4. മുഴുവൻ കുട്ടികൾക്കും സർഗാത്മക രചനകൾക്ക് ഉള്ള അവസരം നൽകുന്നു
5. സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടും ഉള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തുക
6. ഭാഷാശേഷി വികസനത്തിനായി ആധുനിക
7. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകളെ പ്രയോജനപ്പെടുത്തുക.

| ക്രമനമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1 | വായന,എഴുത്ത് | അക്ഷരക്കാർഡ്, വായന കാർഡ്, ചെറിയ കഥകൾ, കുട്ടിക്കവിതകൾ ബാല മാസികകൾ, പത്രം എന്നിവ ലഭ്യമാക്കുക. ക്ലാസ് ലൈബ്രറി സജ്ജീകരിക്കുക, ഡ യറിയോ അനുഭവങ്ങളോ എഴുതിക്കുക. | വർഷം മുഴുവൻ | മലയാളം എസ് ആർ ജി, ക്ലാസ് അധ്യാപകർ | 7000 | |
| 2 | സർഗാത്മക ശേഷി വികസനം | കഥയരങ്ങ്, കവിയരങ്ങ്, രചന ശില്പശാലഎന്നിവ സംഘടിപ്പിക്കൽ, ഉൽപ്പന്നങ്ങൾ പതിപ്പ് രൂപ ത്തിൽ തയ്യാറാക്കൽ,ക്ലാസ്സുറിയി | ഓരോ ടേമിലും ഒന്ന്. | മലയാളം എസ്. ആർ. ജി, വിദ്യാരംഗം ക്ലബ് | 5000 | |

| | | | | | | |
|---|---|---|---|---|---|---|
| | | ലെ പഠനസാമഗ്രികൾ ആയിമേൽപ്പറഞ്ഞഉൽപ്പന്നങ്ങൾ ഉപയോഗിക്കൽ. | | | | |
| 3 | ഭാഷാശേഷികളുടെ വികസനം | നോവൽ,ചെറുകഥ, കവിത തുടങ്ങിയവയുടെ നാടകാവിഷ്കാരം. | പ്രതിമാസ പരിപാടി | | 5000 | |

## അറബിക്

| | ലക്ഷ്യം | പ്രവർത്തനം | സമയം/ കാലം | ഭൗതികം / ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | അറബി ഭാഷ പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടുക ഭാഷയിലെ ഒരേ പോലെയുള്ള അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴും എഴുതുമ്പോഴും വ്യത്യാസം മനസ്സിലാക്കി ഉപയോഗിക്കാൻ സാധിക്കുക രൂപപ്പെടുത്തുകയും ചെയ്യുക | **കൈത്താങ്ങ്** ടെസ്റ്റ് നടത്തി ഭാഷാ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്ന അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്നവർക്ക് വേണ്ടി പ്രത്യേകം തയ്യാറാക്കിയ കാടുകൾ നൽകുന്ന സ്കൂളിലെ സ്മാർട്ട് റൂമുകൾ ഉപയോഗിച്ച് ഗെയിമുകൾ ഫ്ലാഷ് കാറുകൾ നിറം നൽകാൻ പറ്റിയ പ്രവർത്തനങ്ങൾ ചെയ്യിപ്പിക്കുന്ന ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിഗണന നൽകുകയും എഴുത്തും വായനയും പരിപ്പോഷിപ്പിക്കുകയും ചെയ്യുന്ന | മൂന്ന് മാസം | പുസ്തകങ്ങൾ, കാർഡുകൾ | | |
| 2 | അറബി ഭാഷാശേഷി വർദ്ധിപ്പിക്കുക പദസമ്പത്ത് വർദ്ധിപ്പിക്കുക | പുതിയ പദം പരിചയപ്പെടൽ: മാസത്തിലൊരിക്കൽ പാഠപുസ്തകങ്ങളിൽ ഉള്ള വാക്കുകളും പദങ്ങൾക്കും പുറമേ അഞ്ചു | ജൂൺ മുതൽ മാർച്ച് വരെ. | ഭാഷാ അധ്യാപകർ | | |

| | | | | | | |
|---|---|---|---|---|---|---|
| | | വാക്കുകൾ കഥാകവിത പുസ്തകങ്ങളിൽ നിന്നോ മറ്റോ ശേഖരിക്കുവാൻ സാഹചര്യം ഒരുക്കുന്നു. ലഘു സംഭാഷണങ്ങൾ പാഠഭാഗങ്ങൾ ചിത്രീകരണ രൂപത്തിലുള്ള അവതരണം തുടങ്ങി കൂടുതൽ പ്രവർത്തനങ്ങളിൽ പങ്കാളികളായവർക്ക് സമ്മാനം നൽകുന്നു സാധാരണ ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുകയും കൂടുതൽ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം നൽകുകയും ചെയ്യുന്നു | | | | |
| 3 | കുട്ടികളുടെ സർഗാത്മകശേഷി വർദ്ധിപ്പിക്കുക | ചിത്രങ്ങൾ ലഘു കവിതകൾ കഥകൾ സംഭാഷണം പദപ്രശ്നം കുറിപ്പുകൾ വിവരണം എന്നിവ ഉൾക്കൊള്ളുന്ന കയ്യെഴുത്ത് മാഗസിനുകൾ ഓരോ കുട്ടിയും തയ്യാറാക്കുന്നു | ജൂൺ മുതൽ ഡിസ ംബർ വരെ | ഭാഷാ അധ്യാപ കൻ ,പുസ്ത കങ്ങൾ ചാർട്ടുകൾ | | |
| 4 | കുട്ടികൾ വായന തൽപരരാവുകയും ഭാഷാശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക | മാസത്തിലൊരിക്കൽ ക്ലാസ് വായനാമത്സരം കയ്യെഴുത്ത് മത്സരം എന്നിവ നടത്തി സമ്മാനം നൽകുന്നു. മാസത്തിലെ അവസാന പിരീഡിൽ പാഠപുസ്തകവുമായി ബന്ധപ്പെട്ട് വിവരങ്ങൾ പൊതുവിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്വിസ് മത്സരം നടത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ. | ഭാഷാ അധ്യാപ കർ പുസ്തകങ്ങ ൾ, പത്രങ്ങൾ | | |
| 5 | കുട്ടികളുടെ കലാപരമായ കഴിവുകൾ ശേഷികളും കണ്ടെത്തുന്നു | സ്കൂൾ റേഡിയോ:<br>കഥാപ്രസംഗം, ഗാനം' വാർത്തകൾ' തുടങ്ങിയവ അവതരിപ്പിക്കുന്നു<br>*കാലയളവ് പരിശീലിപ്പിക്കുന്നതിനുള്ള പ്രവർത്തനം | ഒരു വർഷം | ഭാഷാ അധ്യാപ കർ | | |
| 6 | ലോകഭാഷകളിൽ മൂന്നാം സ്ഥാനത്തു നിൽക്കുന്ന അറബി ഭാഷ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനും ഉള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക | മികവിന്റെ വഴിയിൽ<br>:- പ്രൈമറി ക്ലാസ് മുതൽ ഭാഷ ശേഷികളുടെ വളർച്ച ഉറപ്പുവരുത്തുക<br>:-മുന്നറിവ് പരിശോധിക്കൽ<br>:-അക്ഷരങ്ങൾ ഉറപ്പിക്കൽ<br>:-വാചകങ്ങൾ നിർമ്മിക്കൽ<br>:-ഭാഷാ കളികൾ | രണ്ടു മാസം | പുസ്തകങ്ങ ൾ വർക്ക് ഷീറ്റുകൾ | BRC,SMC,PTA | |
| 7 | കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷ പഠന നേട്ടങ്ങൾ മുഴുവൻ | വായനാ വസന്തം<br>വായന മത്സരം<br>വാട്സ്ആപ്പ് ഗ്രൂപ്പ് വായന | ആറ് മാസം | പത്രങ്ങൾ മാഗസിനു കൾ | BRC,SMC, PTA | |

| | | | | | | |
|---|---|---|---|---|---|---|
| | കുട്ടികളിലും ഉറപ്പുവരുത്തുക | കുറിപ്പുകൾ അറബി പത്രവായന | | പുസ്തകങ്ങൾ സ്കൂൾ ലൈബ്രറി | | |
| 8 | വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിൽ ഒരുക്കുക | എഴുത്തുകൂട്ടം പതിപ്പുകളുടെ നിർമ്മാണം വായനകുറിപ്പ് ശേഖരണം ചുമർ പത്രങ്ങൾ പോസ്റ്ററുകൾ ഭാഷാകളികൾ | 12 മാസം | ചാർട്ടുകൾ ,പത്രങ്ങൾ | PTA,BRC | |
| 9 | വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷാ പഠനം ഉറപ്പുവരുത്തുക പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക | അറബി കമ്മ്യൂണിക്കേഷൻ ആശയവിനിമയ വേദി ക്ലാസ് സ്ഥലം സ്കൂൾ തലം മൊബൈൽ സ്പീക്കിംഗ് ലിസണിംഗ് യാത്രകൾ ഭാഷാപ്രദർശനം ഭാഷാ ക്യാമ്പ് | 12 മാസം | ICT, പുസ്തകങ്ങൾ | BRC,SMC, PTA | |
| 10 | വ്യത്യസ്ത ദിനങ്ങളെ കുറിച്ചുള്ള ബോധവൽക്കരണം | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്ലക്കാടുകൾ ഉണ്ടാക്കുകയും ക്വിസ് മത്സരം സംഘടിപ്പിക്കുകയും ചെയ്യുക | ജൂൺ മുതൽ മാർച്ച് വരെ | അസംബ്ലി | | |
| 11 | ഭാഷാ പഠനത്തിൽ ഐടിയുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക | ലാംഗ്വേജ് ലാബ് സ്മാർട്ട് ക്ലാസ്സ് റൂം ഭാഷയുമായി ബന്ധപ്പെട്ട സാഹിത്യ കവിത ശേഖരങ്ങൾ അനിമേഷൻ മുതലായ വയുടെ നിർമ്മാണവും ഉപയോഗവും | ജൂൺ മുതൽ | സ്കൂൾ ഇൻറർനെറ്റ് സൗകര്യം വെബ് സൈറ്റുകൾ | | |

# ഉർദു

## ആമുഖം

**ഇന്ത്യയിൽ ജനിച്ച, ലോകത്താകമാനം പടർന്നുപന്തലിച്ച ഭാഷയാണ് ഉറുദു. ഇന്തോ ആര്യൻ ഭാഷ കുടുംബത്തിലെ പ്രധാനിയായ ഉറുദു, ഘഡി ബോലി എന്ന ഭാഷയിൽ നിന്ന് ഉരുത്തിരിഞ്ഞു വന്നതാണ്.ഇന്ന് അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന സംഗീത സുന്ദരമായ ഭാഷ കൂടിയാണ് ഉറുദു. കഥകളുടെയും കവിതകളുടെയും  ഹിന്ദുസ്ഥാനി സംഗീതത്തിന്റെ അന്തർധാരയായ ഉറുദു സംസ്കാരിക സമന്വയത്തിന്റെയും സാഹോദര്യത്തിന്റെയും മതേതരത്വത്തിന്റെയും മുദ്രവാക്യം ഉയർത്തിപ്പിടിക്കുന്ന ഭാഷ കൂടിയാണ്. സ്കൂളിൽ 2025-26 വർഷത്തിൽ ഉർദു ഭാഷാ പഠനവുമായി ബന്ധപെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അക്കാദമിക, ഭൗതിക, സാമൂഹ്യ പ്രവർത്തനങ്ങളും നിർദേശങ്ങളും താഴെ ചേർക്കുന്നു.**

## പൊതു ലക്ഷ്യങ്ങൾ

1. **ഉർദു ഭാഷ പഠനം ആയാസവും രസകരവുമാക്കി ആസ്വാദന പഠനം കുട്ടികൾക്ക് സാധ്യമാക്കുക.**
2. **ഉർദു ഭാഷ, സാഹിത്യം എന്നിവയുമായി ബന്ധപ്പെട്ട പൊതു വിജ്ഞാനം നേടുന്നതിനുള്ള സന്ദർഭം സൃഷ്ടിക്കുക.**
3. **തൊഴിൽ അനുബന്ധ മത്സരപരീക്ഷകൾക്ക് ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തുക.**
4. **ഉർദു ഭാഷ പഠനവുമായി ബന്ധപ്പെട്ട് കരിക്കുലം വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങൾ എല്ലാ കു ആർജിക്കുക.**

**4.** ഉർദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഏഴാം ക്ലാസ് കഴിയുമ്പോഴേക്കും ഉർദു വായിക്കാനും കേട്ടെഴുതാനും അത്യാവശ്യം സാഹിത്യ രചനകൾ നടത്താനുമുള്ള ശേഷി ഉറപ്പാക്കുക.

**5.** മുഴുവൻ കുട്ടികൾക്കും വിവിധ ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് ഉർദു ഭാഷ സംസാരിക്കാൻ കഴിയും എന്ന് ഉറപ്പുവരുത്തുക.

**6.** ഉർദു ഭാഷാ പഠനത്തിലൂടെ ജനാധിപത്യ മതേതരത്വ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കുട്ടികളെ വാർത്തെടുക്കുക.

**7.** വിവിധ കലാപരമായ കഴിവുകൾ അവതരിപ്പിക്കാനും ആസ്വദിക്കാനുമുള്ള കഴിവ് നേടുക.

**8.** എല്ലാ കുട്ടികൾക്കും ഭംഗിയുള്ള കയ്യെഴുത്ത് സ്വായത്തമാക്കാനുള്ള പരിശീലനം നൽകുക.

**9.** ഉന്നത പഠനത്തിന് പോകുന്ന കുട്ടികൾക്ക് ആവശ്യമായ ആക്കാദമിക നിലവാരം ഉണ്ടാക്കി എടുക്കുക.

**10.** ഉർദു ഭാഷയെകുറിച്ച് സാമാന്യ അവബോധം വളർത്തിയെടുക്കുക.

**11.** കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വളർത്തുകയും, രചനാ ശേഷികൾക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക.

**12.** വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക.

| നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് | ചുമതല | ഫണ്ട് | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1 | പഠേം ആഗേ ബഡേം | വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ,ബാലമാസികകൾ, ഉർദു പത്രങ്ങൾ,വായന കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ | വിവിധ ദിനാചരണങ്ങളിൽ | ഉർദു സബ്ജക്ട് കൗൺസിൽ | 1500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 2 | മേരെ അൽഫാസ് ഉർദു കയ്യെഴുത്ത് മാഗസിൻ | രചനാ ശേഷി വളർത്തൽ, ഉർ ദുവിൽ മികച്ചതും ഭംഗിയുള്ളതുമായ കൈ എഴുത്ത് എന്നീ ലക്ഷ്യ പൂർത്തീകരണത്തിനും, കുട്ടികളിലെ സർഗ്ഗാത്മകത | ടേമിൽ 1 വീതം | ഉർദു സബ്ജക്ട് കൗൺസിൽ | 1000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 3 | ഖസാന-എ ഇൽമ് പൊതുവിജ്ഞാനം | പൊതുവായതും ഉർദുവിലുള്ളതുമായ പൊതുവിജ്ഞാനം കുട്ടികളിലെത്തിക്കുന്നതിന് വേണ്ടി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക. | ടേമിൽ 1 | ഉർദു ക്ലബ്ബ് | 200 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 4 | മുശാഇറ / ഗസൽ സന്ധ്യ | ഉർദു ഗസലിനേയും ഹിന്ദുസ്ഥാനി സംഗീതത്തേയുംഅടുത്തറിയുന്നതിനും സംഗീത വാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും മുശാഇറയും ഗസൽ സായാഹ്നവും സംഘടിപ്പിക്കുക. | വർഷത്തിൽ 1 | ഉർദു ക്ലബ്ബ് | 7000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 5 | പഠന ക്യാമ്പ് | കുട്ടികളിലെ രചനാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുത | വർഷത്തിൽ 1 | ഉർദു ക്ലബ്ബ് | 2500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |

| | | | | | | |
|---|---|---|---|---|---|---|
| | | കം വിധം കവിത, കഥ, ഉപന്യാസ വർഷത്തിൽ ക്യാമ്പുകൾ നടത്തുക. ഉർദു സാഹിത്യകാരന്മാരുടെ ക്ലാസുകൾ സംഘടിപ്പിക്കുക. | | | | |
| 6 | ദിനാചാരണങ്ങൾ | ഭാഷാ ശേഷി വളർത്തുന്നതിനുതകുന്ന രീതിയിൽ വിവിധ ദിനാചരണ \| പരിപാടികൾ സംഘടിപ്പിക്കൽ. | അതത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 7 | ഉർദു ദിനം | ടാലന്റ് മീറ്റ് അക്ഷര മരം ഭാഷാ സെമിനാർ എന്റെ പതിപ്പ് | 1 | ഉർദു ക്ലബ്ബ് | 3000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 8 | തലാഷ് | പ്രാദേശിക പഠന യാത്രകൾ | 1 | ഉർദു ക്ലബ്ബ് | 5000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |

# തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

**ആമുഖം**

**ഓരോ വിദ്യാർത്ഥിയും അവർ പഠിക്കുന്ന വിഷയങ്ങളിലൂടെ നേടുന്ന ആശയങ്ങളെ വിവിധ തൊഴിലുകൾക്കായി പ്രയോജനപ്പെടുത്തേണ്ടതുണ്ട്.**
**അതിനുള്ള ശേഷികൾ ആർജ്ജിക്കാനും നേടുന്ന ശേഷികളെ ജീവിതത്തിൽ പ്രയോജനപ്പെടുത്തുവാനും ഉദ്ദേശിച്ചുള്ളതാണ് "തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം".**

**ലക്ഷ്യം : കൈ കൊണ്ട് പ്രവർത്തിക്കുക,അതിനാവശ്യമായ സജ്ജീകരണമൊരുക്കുക,സന്നദ്ധതയുണ്ടാവുക,ഉപകരണങ്ങൾ സൂക്ഷ്മതയോടെ പ്രയോജനപ്പെടുത്തുക,ലക്ഷ്യ ബോധത്തോടെ കഴിവുകൾ ഏകോപിപ്പിക്കുക എന്നിങ്ങനെ നിരവധി നൈപുണികൾ ഒരുമിച്ച് ചേർന്നാണ് തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം സാധ്യമാക്കുന്നത്.വിദ്യാർത്ഥികൾ പഠിക്കുന്ന എല്ലാ വിഷയങ്ങളിലും തൊഴിൽപരമായ കാഴ്ചപ്പാടുകളും അവ പ്രയോഗിക്കാനുള്ള അവസങ്ങളും സാധ്യതകളുംഒരുക്കുക.തൊഴിലിനോടുള്ള ആഭിമുഖ്യം,മനോഭാവം എന്നിവ വളർത്തിയെടുക്കുക.**

| ക്രമനമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | കൃഷി | വിവിധ കൃഷിരീതികൾ ഗ്രോബാഗ് ലംബകൃഷി ഹൈഡ്രോപോണിക്സ് | ഒരുമാസം | WIE ടീച്ചർ | PTA | |
| 2 | വസ്ത്ര കലാ | വസ്ത്ര അലങ്കാരം തയ്യൽ | ഒരുമാസം | WIE ടീച്ചർ | PTA | |
| 3 | പ്ലംബിംഗ് | പ്ലംബിംഗ് ജോലികളിൽ പരിശീലനം | ഒരുമാസം | WIE ടീച്ചർ | PTA | |
| 4 | കരകൗശലം | വിവിധ കരകൗശല വസ്തുക്കളുടെ നിർമ്മാണം | ഒരുമാസം | WIE ടീച്ചർ | PTA | |

| | | | | | | |
|---|---|---|---|---|---|---|
| 5 | പാഴ് വസ്തു പരിപാലനം | വിവിധതരം പാഴ് വസ്തുക്കളുടെ പരിപാലനം | ഒരുമാസം | WIE ടീച്ചർ | PTA | |
| 6 | മാധ്യമങ്ങളും വിനോദവും | ആധുനിക കാലഘട്ടങ്ങളിലെ മാധ്യമങ്ങൾ പരിചയപ്പെടൽ | ഒരുമാസം | WIE ടീച്ചർ | PTA | |
| 7 | പ്രിന്റിംഗ് ആൻഡ് സ്റ്റേഷനറി | പ്രിന്റിംഗ് സ്റ്റേഷനറി മേഖലയിലെ വിവിധ ജോലികൾ | ഒരുമാസം | WIE ടീച്ചർ | PTA | |
| 8 | ധനകാര്യം | സാമ്പത്തിക കൈകാര്യം വിവിധ സാമ്പത്തിക രംഗങ്ങൾ പരിചയപ്പെടൽ | ഒരുമാസം | WIE ടീച്ചർ | PTA | |
| 9 | ഭക്ഷ്യ വ്യവസായം | ഭക്ഷ്യരംഗത്തെ വിവിധ ഉൽപന്ന നിർമ്മാണം വിപണനം | ഒരുമാസം | WIE ടീച്ചർ | PTA | |
| 10 | ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് | ഇലക്ട്രിക്കൽ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ നിർമ്മാണം | ഒരുമാസം | WIE ടീച്ചർ | PTA | |
| 11 | ടൂറിസം,പാർപ്പിടം | വിനോദസഞ്ചാര മേഖലകൾ വിവിധതരം വീടുകൾ പ്ലാൻ,ലേ ഔട്ട്, ഇന്റീരിയൽ | ഒരുമാസം | WIE ടീച്ചർ | PTA | |

# ഗണിതം

**ലക്ഷ്യങ്ങൾ**

- ✔ ചതുഷ്ക്രിയകളിലെ ആശയങ്ങൾ (കൂട്ടൽ, കുറയ്ക്കൽ, ഗുണിക്കൽ ഹരിക്കൽ )ഉറപ്പിക്കൽ
- ✔ സംഖ്യകളെ തിരിച്ചറിയൽ താരതമ്യം (വലുത് ,ചെറുത് )ഭിന്നസംഖ്യ ഇവ ഉറപ്പിക്കൽ
- ✔ ജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക ഗണിത പ്രശ്നങ്ങൾക്ക് പരിഹാരം കാണൽ
- ✔ ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയാനും വരയ്ക്കാനും ഉള്ള കഴിവ് നേടൽ
- ✔ അഞ്ച് പ്രായോഗിക ജീവിതത്തിലെ അളവുകളെയും തൂക്കങ്ങളെയും മനസ്സിലാക്കാനും ഉപകരണങ്ങൾ നിർമിക്കാനുമുള്ള ശേഷി നേടൽ
- ✔ ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കാനുള്ള ശേഷി നേടൽ
- ✔ മികവ് പുലർത്തുന്ന കുട്ടികളെ അധിക പരിശീലനത്തിലൂടെ ഉയർന്ന നിലവാരത്തിൽ എത്തിക്കൽ
- ✔ **BALA (Building As Learning Aid)**
- ✔ ഗണിത ലാബ് ഒരുക്കൽ

| **ഗണിതം** | | | | | |
|---|---|---|---|---|---|
| മേഖല | പ്രവർത്തനം | ലക്ഷ്യം | സമയം/ കാലം | ഭൗതികം /ചുമതല | സാമ്പത്തികം |
| ചതുഷ്ക്രിയകളിലെ ആശയങ്ങൾ | സംഖ്യാബോധം ഉറപ്പിക്കൽ | കൂട്ടൽ,കുറയ്ക്കൽ,ഗുണിക്കൽ, ഹരിക്കൽ എന്നീ ക്രിയകൾ ഉറപ്പിക്കുന്നു | ജൂൺ,ജൂലായ് എല്ലാ ദിവസവും | മാർക്ക് ഷീറ്റ് കാർഡുകൾ | **2000** |
| രാമാനുജൻ ഗണിത ക്ലബ് പ്രവർത്തനങ്ങൾ | പ്രതിദിന ക്വിസ് ഗണിത ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ ഗണിത പുസ്തക പരിചയം | ഗണിതത്തിൽ മുഴുവൻ കുട്ടികൾക്കും താൽപര്യവും ഗണിത ചിന്തയും ഉണ്ടാക്കുക. നിത്യജീവിതത്തിൽ ഗണിതത്തിൻ്റെ പ്രാധാന്യം മനസ്സിലാക്കുക | ജൂലായ് (ഗണിത മാസാചരണം) | ഗണിത ക്ലബ് | |

| | | | | | |
|---|---|---|---|---|---|
| രാമാനുജൻ ഗണിത ക്ലബ് പ്രവർത്തനങ്ങൾ | ജോമട്രിക്കൽ പാറ്റേൺ നമ്പർ പാറ്റേൺ, പസിൽ, ഗെയിം, സ്റ്റിൽ മോഡൽ എന്നിവയിൽ വ്യക്തിഗത മത്സരം, ക്ലാസ് തല മത്സരം, സ്കൂൾ തല മത്സരം നടത്തുക. | ഓരോ മേഖലയിലുമുള്ള പ്രതിഭാധനരായ കുട്ടികളെ കണ്ടെത്തി മേളകൾക്ക് സജ്ജരാക്കുക | ജൂലായ് | ഗണിത ക്ലബ് | |
| രാമാനുജൻ ഗണിത ക്ലബ് പ്രവർത്തനങ്ങൾ | സ്കൂൾ പാർലമെൻറ് തെരഞ്ഞെടുപ്പിൽ എക്സിറ്റ് പോൾ തയ്യാറാക്കുക, | ജനാധിപത്യ വ്യവസ്ഥയിൽ ഗണിതത്തിൻറെ പ്രാധാന്യം തിരിച്ചറിയുന്നതിന് | ജൂലായ് | ഗണിത ക്ലബ് | |
| സംഖ്യകൾ തിരിച്ചറിയുന്നു താരതമ്യം ചെയ്യുന്നു | അടിസ്ഥാന ക്രിയകൾ ഉറപ്പിക്കൽ | സംഖ്യകളുടെ താരതമ്യം വലുത്-ചെറുത് അടിസ്ഥാന ക്രിയകൾ ഉറപ്പിക്കൽ അൽ | ഓഗസ്റ്റ് സെപ്റ്റംബർ | സംഖ്യ കാർഡുകൾ വസ്തുക്കൾ | **1000** |
| പ്രശ്ന നിർധാരണ ശേഷി | ഗണിത കളരി | ജീവിതവുമായി ബന്ധപ്പെട്ട ഗണിത പ്രശ്നങ്ങൾക്ക് പരിഹാരം കാണൽ | സെപ്റ്റംബർ ഒക്ടോബർ | ചാർട്ട് ചിത്രങ്ങൾ | **1000** |
| ജ്യാമിതീയ ഉപകരണങ്ങൾ | ഗണിത ശില്പശാല | ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു വരയ്ക്കുന്നു നിർമ്മിക്കുന്നു | നവംബർ ഡിസംബർ | ചാർട്ട് കാർബോർഡ് പെൻ പേപ്പർ | **5000** |
| ഗണിത മാഗസിൻ നിർമ്മാണം | ക്ലാസ് തല മാഗസിൻ നിർമാണം | സ്കൂളിലെ മുഴുവൻ കുട്ടികളുടെയും ഗണിതാഭിരുചി വളർത്തുന്നതിനും മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും | ജനുവരി | ഗണിത ക്ലബ് | |
| അളവുകൾ, തൂക്കങ്ങൾ | അളവുപകരണങ്ങളുടെ നിർമ്മാണവും പ്രദർശനവും | പ്രായോഗിക ജീവിതവുമായി ബന്ധപ്പെട്ട അളവുകളും തൂക്കങ്ങളും തിരിച്ചറിയുന്നു ഉപകരണങ്ങൾ നിർമിക്കാനുള്ള നൈപുണി നേടുന്നു | ജനുവരി ഫെബ്രുവരി | ചാർട്ട് കാർഡ് അളവുപാത്രങ്ങൾ | **2000** |
| മികവാർന്ന പ്രകടനം കാഴ്ച വെക്കുന്ന കുട്ടികൾക്ക് അധിക പരിശീലനം | ന്യൂ മാറ്റ്സ് യു എസ് എസ് പരിശീലനം | പ്രതിഭകളായ കുട്ടികളെ ഉയർന്ന നിലവാരത്തിൽ എത്തിക്കാൻ പ്രത്യേക പരിശീലനം | ആഴ്ചയിലൊരു ദിവസം | വർക്ക് ഷീറ്റ് മാതൃകാ ചോദ്യങ്ങൾ | **1000** |
| **BALA** | ഗണിതാശയങ്ങൾ ഉൾക്കൊള്ളിച്ച വിദ്യാലയം | ഗണിതാശയങ്ങൾ ഉൾക്കൊള്ളുന്ന ചിത്രങ്ങൾ രൂപങ്ങൾ ശില്പങ്ങൾ എന്നിവ ഉൾപ്പെടുത്തി സ്കൂൾ ചുമരുകൾ ഗണിത വിൽക്കൽ | ഫെബ്രുവരി ,മാർച്ച് | പിടിഎ ഗണിത ക്ലബ് | **10000** |
| ഗണിതലാബ് ഒരുക്കൽ | ഗണിത ആശയങ്ങൾ ഉൾക്കൊള്ളുന്ന മാതൃകകൾ നിർമ്മിക്കൽ, ഗണിതകളികൾ, പസിൽസ്, ഗണിതതത്വങ്ങൾ തെളിയിക്കാനുതകുന്ന പ്രവർത്തനങ്ങ | അമൂർത്തമായ ആശയങ്ങളെ മൂർത്ത മാക്കൽ | ദീർഘം | സ്കൂൾ ഗ്രാൻഡ് പിടിഎ | |

# ആരോഗ്യ കായികം

**ആമുഖം**

**രാജ്യത്തിൻെറസമ്പത്തായ കുട്ടികൾ കരുത്തുറ്റ ശരീരവും മനസ്സുമായി വളരണമെന്ന് ലക്ഷ്യത്തോടെയാണ് ആരോഗ്യ കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ ഭാഗമാക്കിയത്.ശാരീരിക മാനസിക സാമൂഹിക വികാസങ്ങളുടെ വളർച്ചയ്ക്ക് അടിത്തറ പോകാൻ ആരോഗ്യ കായിക വിദ്യാഭ്യാസത്തിലൂടെ സാധിക്കുന്നു.കുട്ടികളുടെ ആരോഗ്യ കായിക വികസന ഘട്ടങ്ങളെ ശാസ്ത്രീയമായി ഉത്തേജിപ്പിക്കുക എന്നീ ലക്ഷ്യത്തോടെയാണ് ഇവ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.**

| ക്രമനമ്പർ | മേഖല | പ്രവർത്തനം | നിർവഹണ ചുമതല... | കാലയളവ് | സാമ്പത്തികം | Remarks |
|---|---|---|---|---|---|---|
| 1 | ഗെയിംസും . അത്‌ലറ്റിക്സും | ഫുട്ബോൾ,വോളിബോൾ. അത്‌ലറ്റിക്സ്. Kho kho. ബാഡ്മിൻറൺ. ചെസ്സ്. എന്നിവയിൽ കഴിവുള്ള കുട്ടികളെ തിരഞ്ഞെടുത്തു പരിശീലനം നൽകുക. ആഴ്ചയിൽ എല്ലാ ദിവസവും വൈകുന്നേരം കായിക പരിശീലനം നൽകുക. ഓരോ ഇനത്തിലും പ്രത്യേക കോച്ചസിന്റെ സേവനം ലഭ്യമാക്കുക. എല്ലാവിധ കായിക മത്സരങ്ങളിലും പങ്കെടുക്കുവാൻ അവസരം നൽകുക. | കായിക അധ്യാപകൻ സ്കൂൾ സപ്പോർട്ടിംഗ് ഗ്രൂപ്പ്. | ജൂലൈ. ആഗസ്റ്റ് സെപ്റ്റംബർ .ഒക്ടോബർ. നവംബർ. | PTA, SSK | |
| 2 | കോർട്ട് നിർമ്മാണവും ആവശ്യത്തിനുള്ള ഉപകരണങ്ങൾ കണ്ടെത്തലും. | നിലവിലുള്ള കളിസ്ഥലങ്ങൾ അടിസ്ഥാന സൗകര്യത്തോടെ ഉറപ്പാക്കുക. കുട്ടികൾക്ക് പരിശീലനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ കണ്ടെത്തുക. കുട്ടികളെ ഉപകരണങ്ങൾ പരിചയപ്പെടുത്തുക. രക്ഷിതാക്കൾ. കുട്ടികൾ. സ്കൂൾ അധികൃതർ. എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് മത്സരത്തെക്കുറിച്ചും അതിൻറെ പ്രാധാന്യത്തെക്കുറിച്ചും | കായിക അധ്യാപകൻ സ്കൂൾ സപ്പോർട്ടിംഗ് ഗ്രൂപ്പ്. | ഒക്ടോബർ. നവംബർ. ഡിസംബർ. | PTA | |

| | | | | | | |
|---|---|---|---|---|---|---|
| | | ബോധവാന്മാരാക്കുന്ന ക്ലാസുകൾ ചർച്ചകൾ എന്നിവ സംഘടിപ്പിക്കുക പ്രദർശന മത്സരങ്ങൾ സംഘടിപ്പിക്കുക | | | | |
| 3 | കുട്ടികളിലെ അച്ചടക്കവു ം ആരോഗ്യ പരിപാലന വും. | കുട്ടികളിൽ ആരോഗ്യ ശുചിത്വത്തെക്കുറിച്ചും വ്യക്തിത്തെക്കുറിച്ചും പരിസര ശുചിത്വത്തെക്കുറിച്ചും ബോധവാന്മാരാക്കുന്ന ക്ലാസുകൾ സംഘടിപ്പിക്കുക.കുട്ടികളിൽ അച്ചടക്കം വളർത്തുന്നതിനായിട്ടുള്ള പ്രത്യേക ക്ലാസുകൾ സംഘടിപ്പിക്കുക അച്ചടക്കവുമായി ബന്ധപ്പെട്ട് കുട്ടികളെ വിവിധ ഗ്രൂപ്പുകൾ ആക്കി അവർക്ക് വിവിധ ചുമതലകൾ നൽകുക. | കായിക അധ്യാപ കൻ, സ്കൂൾ സപ്പോർട്ടി ംഗ് ഗ്രൂപ്പ്. | ജൂൺ, ജൂലൈ | PTA | |

## സി ഡബ്ല്യു എസ് എൻ (CWSN)

| Sl No | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | Remarks |
|---|---|---|---|---|---|---|
| 1 | അക്കാദമികം | ടി എൽ എം ശില്പശാല സി ഡബ്ലിയു എസ് എൻ പാരൻസ് | ഒരു ദിവസം | ഐ ഈ ഡിസി ചുമതലയുള്ള അധ്യാപകൻ ,സ്പെഷ്യൽ എഡ്യൂക്കേറ്റർ. | 2000 | ടി എൽ എം മെറ്റീരിയൽസ് , ഭക്ഷണം |
| 2 | ഭൗതികം | റിസോഴ്സ് റൂം | | നിർവഹണ ചുമതലയുള്ള അധ്യാപകൻ | | |
| 3 | സാമൂഹികം | രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണം, രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണം, | 1/2 ദിവസം | | 1000 | |

# കലാവിദ്യാഭ്യാസം

## സംഗീതം

**ആമുഖം**

ജീവജാലങ്ങളെ മുഴുവൻ ആനന്ദിപ്പിക്കുന്ന നാദമാണ് സംഗീതം. ഭാഷാ- ദേശ, പണ്ഡിത-പാമര ഭേദമില്ലാതെ ആസ്വ ദിക്കാൻ കഴിയുന്നത് കൊണ്ട് തന്നെ സംഗീതം ഒരു സംസ്കാരമാണ്. സമൂഹത്തെ തന്നെ മാറ്റിയെടുക്കാൻ നല്ലൊരു മാർഗ്ഗമാണ് സംഗീതം. ആത്മീയപരമായ ഔന്നത്യം, കാലുഷ്യങ്ങളെ അകററി നിർത്തുന്ന , മാനസികപ്രശ്നങ്ങളിൽ നിന്നും മുക്തി ലഭിക്കുന്ന ഇവയെല്ലാം സംഗീത സവിശേഷതകളാണ്.

കുട്ടികളിൽ ബുദ്ധിവികാസം, മാനസികോല്ലാസം , പഠന ഭാരം കുറയ്ക്കുക, ഉണർവ്വ് എന്നിങ്ങനെയുള്ള ശേഷികൾക്കായി കലാ പഠനം അനിവാര്യമാണ്

| Sl no | മേഖല | പ്രവർത്തനം | കാലയളവ് | നിർവ്വഹണ ച്ചുമതല | സാമ്പത്തി കം | Remarks |
|---|---|---|---|---|---|---|
| 1 | വായ്ത്താരിയും, നാടൻ ശീലുകളും | 5,6 ക്ലാസുകളിലെ പാഠഭാഗവുമായി ബന്ധപ്പെട്ട് വായ്ത്താരികളും, നാടൻപാട്ടുകളും പരിചയപ്പെടാൻ ശില്പശാല ഒരുക്കുന്നു | ജൂലായ്, ആഗസ്റ്റ്, സപ്തംബർ | സംഗീതാധ്യാപിക സ്കൂൾ സപ്പോർട്ടിങ്ങ് ഗ്രൂപ്പ് | 2000 | |
| 2 | നാടൻകലാകളരി | അന്യംനിന്നു പോകുന്ന നാടൻ കലകളെ കുട്ടികളിലേക്കെത്തിക്കുവാൻ വില്ലടിച്ചാൺ പഠനശിബിരം | ആഗസ്റ്റ് സപ്തംബർ | സംഗീതാധ്യാപിക | 10000 | |
| 3 | കിലുക്കം | 5,6 ക്ലാസുകളിലെ കിലുക്കം, കുഞ്ഞു ശബ്ദങ്ങൾ എന്നീ യൂണിറ്റുകൾക്കായി സംഗീതോപകരണ പ്രദർശനം | ഡിസംബർ | സംഗീതാധ്യാപിക, സ്കൂൾ സപ്പോർട്ടിംഗ് ഗ്രൂപ്പ് | 3000 | |
| 4 | താളവൈവിധ്യം, രാഗവൈവിദ്യം | ഏഴാം തരത്തിലെ താളം പിടിക്കാം എന്ന യൂണിറ്റുമായി ബന്ധപ്പെട്ട് വ്യത്യസ്ത താളങ്ങളിലും, രാഗങ്ങളിലുമുള്ള ഗാനശാഖകൾ പരിചയപ്പെടുത്തുന്നു | ജനുവരി : ഫെബ്രുവരി | സംഗീതാധ്യാപിക, സ്കൂൾ സപ്പോർട്ടിംഗ് ഗ്രൂപ് | 2000 | |

# ടാലൻറ് ലാബ്

**ലക്ഷ്യം**

കുട്ടികളിലുള്ള സർഗ്ഗ വാസനകൾ കണ്ടെത്തി അതിനെ പരിപോഷിപ്പിക്കുക

| ക്രമ നമ്പർ | മേഖല | പ്രവർത്തനം | കാലയളവ് | നിർവഹണ ച്ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | കഥാരചന | കഥാരചനയിൽ കഴിവുള്ള കുട്ടികളെ കണ്ടെത്തി ശില്പശാല നടത്തുന്നു. | ഓരോ ടേമിലും ഓരോന്ന് വീതം | വിദ്യാരംഗം കൺവീനർ | 3000 | |
| 2 | കവിതാ രചന | കവിതാ രചനയിൽ കഴിവുള്ള കുട്ടികളെ കണ്ടെത്തി ശില്പശാല നടത്തുന്നു | ഓരോ ടേമിലും ഓരോന്ന് വീതം | വിദ്യാരംഗം കൺവീനർ | 3000 | |
| 3 | അഭിനയക്കൂട്ടം | അഭിനയത്തിൽ താല്പര്യമുള്ള കുട്ടികളെ കണ്ടെത്തി നാടക ക്യാമ്പ് നടത്തുന്നു | ഓരോ ടേമിലും ഓരോന്ന് വീതം | വിദ്യാരംഗം കൺവീനർ | 3000 | |
| 4 | ആസ്വാദന ക്കൂട്ടം | ഒരു കഥയുടേയോ കവിതയുടേയോ ആസ്വാദനക്കുറിപ്പ് എഴുതുന്നതിന് കുട്ടികളെ പ്രാപ്തരാക്കാൻ ശില്പശാല നടത്തുന്നു | ഓരോ ടേമിലും ഓരോന്ന് വീതം | വിദ്യാരംഗം കൺവീനർ | 3000 | |
| 5 | നാടൻ പാട്ടുകൂട്ടം | നാടൻപാട്ട് പാടാൻ കഴിവുള്ള കുട്ടികൾക്ക് നാടൻപാട്ടിൽ വിദഗ്ധരായവരെ സംഘടിപ്പിച്ച് ശില്പശാല നടത്തുന്നു | ഓരോ ടേമിലും ഓരോന്ന് വീതം | വിദ്യാരംഗം കൺവീനർ | 3000 | |
| 6 | ചിത്രരചന | ചിത്രരചനയിൽ കഴിവുള്ള കുട്ടികൾക്ക് ചിത്രരചനാ ക്യാമ്പ് നടത്തുന്നു | ഓരോ ടേമിലും ഓരോന്ന് വീതം | വിദ്യാരംഗം കൺവീനർ | 3000 | |

## സ്കോളേഴ്സ് ക്ലബ്

**ലക്ഷ്യങ്ങൾ**

സ്കോളേഴ്സ് ക്ലബ് പഠനകാര്യങ്ങളിൽ മികവ് പുലർത്തുന്ന കുട്ടികൾക്ക് പഠനനിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിനു വേണ്ടി രൂപീകരിച്ച ക്ലബ്ബാണ്

- മത്സരപരീക്ഷകൾക്ക് വേണ്ടി വിദ്യാർത്ഥികളെ തയ്യാറാക്കുക.
- മികച്ച പഠന നിലവാരം ഉറപ്പുവരുത്തുക.
- കുട്ടികളുടെ വ്യക്തിത്വ വികസനം.
- നേതൃത്വ പരിശീലനം.

**പ്രവർത്തനങ്ങൾ**

- പ്രഗത്ഭരായ അധ്യാപകരുടെ നേതൃത്വത്തിൽ മികച്ച പരിശീലനം.
- ആധുനിക സാങ്കേതിക വിദ്യയിലൂടെയുള്ള പരിശീലന ക്ലാസുകൾ.
- വിദ്യാർത്ഥികളിലെ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്ന വിശദമായ പ്രവർത്തനങ്ങൾ .
- വിവിധ മത്സര പരീക്ഷകൾക്കായി കുട്ടികളെ തയ്യാറാക്കുന്നതിനാവശ്യമായ പരിശീലന ക്ലാസുകൾ .
- നൂതന സാങ്കേതിക വിദ്യയിലുള്ള പുതിയ തൊഴിൽ മേഖലകളുമായി നേരിട്ടുള്ള അനുഭവം

**യു എസ് എസ്**

ഓരോ വർഷവും അർദ്ധ വാർഷിക മൂല്യനിർണയത്തിൽ എല്ലാ വിഷയങ്ങൾക്കും എ ഗ്രേഡ് നേടിയ കുട്ടികളെ ഉൾപ്പെടുത്തി യുഎസ്എസ് പരിശീലനം ആരംഭിക്കും. പരിശീലനത്തിൽ ഉൾപ്പെട്ട കുട്ടികളുടെ രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ് നൽകിക്കൊണ്ട് അവരുടെ പൂർണ്ണപിന്തുണയോടുകൂടി വിവിധ വിഷയങ്ങളിൽ കുട്ടികൾക്ക് പരിശീലനം നൽകുന്നു . നിരന്തരമായി മാതൃകാ ചോദ്യപേപ്പറുകൾ നൽകി ഒ. എം. ആർ ഷീറ്റിൽ പരീക്ഷ എഴുതി കുട്ടികളെ യു എസ് എസ് പരീക്ഷയ്ക്ക് പ്രാപ്തരാക്കുന്നു . വിവിധ വിഷയങ്ങളിൽ വിദഗ്ധരുടെ ക്ലാസുകൾ നൽകും. പരീക്ഷയോട നുബന്ധിച്ച് രാത്രി പഠന ക്ലാസുകൾ നൽകും.

## ഐ.ടി

**ആമുഖം**

**ഇരുപത്തിയൊന്നാം നൂറ്റാണ്ട് ഉയർന്ന കമ്പ്യൂട്ടർ സാങ്കേതിക വിദ്യകളുടെ നൂറ്റാണ്ടാണ്. ആധുനിക വിദ്യാർത്ഥി ഇലക്ട്രോണിക് സംസ്കാരത്തിന്റെ ലോകത്താണ് ജീവിക്കുന്നത്. ഇന്റർനെറ്റ് ഉൾപ്പെടെയുള്ള ഒരു ഉറവിടംതിരയാനും ശേഖരിക്കാനും പ്രവർത്തിക്കാനുമുള്ള കഴിവ് നൽകുന്ന വിദ്യാഭ്യാസ വിവരങ്ങളിലേക്കുള്ള ആക്സസ് മാർഗമായി വിവര സാങ്കേതിക വിദ്യകളെ കണക്കാക്കാം. വിദ്യാഭ്യാസ പ്രക്രയയിൽ വിവര സാങ്കേതിക വിദ്യകളുടെ ഉപയോഗം വിദ്യാഭ്യാസ സാമഗ്രികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും വിദ്യാഭ്യാസ ഫലങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുന്നു.**

**ലക്ഷ്യങ്ങൾ**

- **വിവര വിനിയ സാങ്കേതിക വിദ്യാപ്രധാനം ചെയ്യുന്ന വിഭവങ്ങളാൽ ശാക്തീകൃതമായ പഠനം വിദ്യാലയത്തിൽ പ്രാവർത്തികമാക്കി നൂതന സാങ്കേതിക വിദ്യയുടെ മികവ് ക്ലാസ് മുറികളിൽ പ്രയോജനപ്പെടുത്തുക.**
- **പഠനവിഭവങ്ങൾ തയ്യാറാക്കിയവ സ്കൂളിൽ എല്ലാവർക്കും പ്രയോജനപ്പെടുത്താൻ കഴിയത്തക്കവിധം സൂക്ഷിക്കാനായി ഓഫ് ലൈൻ റെപ്പോസിറ്ററി ഒരുക്കുക.**
- **ഇന്റർനെറ്റിലെ വിവിധ സേവനങ്ങൾ പരിചയപ്പെടുക, ചതിക്കുഴികൾ കണ്ടെത്തുക അതോടൊപ്പം വിക്കി സോഫ്റ്റ് വെയർ ഉപയോഗിക്കാൻ പഠിക്കുക.**
- **പഠനബോധന പ്രക്രിയക്ക് ആവശ്യമായ ഡിജിറ്റൽ ഉള്ളടക്കം കണ്ടെത്തുക. തയ്യാറാക്കുക.**
- **വേഡ്പ്രൊസസിങ്ങിന്റെ കൂടുതൽ സാധ്യതകൾ പരിചയപ്പെടുത്തുക, പ്രൊജക്ട് പോലുള്ള പഠനപ്രവർത്തനങ്ങളുടെ നിർവ്വഹണത്തിന് സ്പ്രെഡ്ഷീറ്റ് , പ്രസന്റേഷൻ തുടങ്ങിയ സോഫ്റ്റ് വെയറുകൾ ഉപയോഗിക്കാൻ പ്രാപ്തരാക്കുക. എല്ലാവിഷയങ്ങളും ICT പഠനത്തിലൂടെ SMART CLASS ഡിജിറ്റൽ പഠനം,**
- **ഡിജിറ്റൽ പെയിന്റിങ്, മലയാളം ടൈപ്പിങ്, IT ക്വിസ്**
- മുഴുവൻ വിഷയങ്ങൾക്കും ഐ.ടി അധിഷ്ഠിത പഠനം ഉറപ്പുവരുത്താൻ കഴിയുന്നവിധത്തിൽ ബാക്കിയുള്ള 20 ക്ലാസ്റൂമുകളും ഡിജിറ്റലൈസ് ചെയ്യുക.

| SI NO | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | സർഗ്ഗാത്മകത | ഡിജിറ്റൽ പെയിന്റിങ് | ജൂൺ,ജൂലായ് ആഗസ്റ്റ് | IT CLUB | | |
| 2 | കമ്പ്യൂട്ടർ ഭാഷാപരിജ്ഞാനം | മലയാളം ടൈപ്പിങ് | ആഗസ്റ്റ് മുതൽ നവംബർ | IT CLUB | | |
| 3 | IT വൈജ്ഞാനികം | ഐ.ടി ക്വിസ് | ഹ്രസ്വം | IT CLUB | | |
| 4 | സ്കൂൾ ഡിജിറ്റലൈസേഷൻ | മുഴുവൻ ക്ലാസ് റൂമുകളിലും പ്രൊജക്റ്ററുകൾ സ്ഥാപിക്കുക | 2 വർഷം | MP/MLA/ PTA/ Panchayath | 20*30000 = 600000 + Fitting- 40000 =640000 | |

# കലാവിഭാഗം.

## ചിത്രകല

**ആമുഖം**

പൂന്തൂർ പട്ടണത്തിന്റെ ഹൃദയ ഭാഗത്തുള്ള ജി.എം.യു.പി.സ്കൂൾ കോഴിക്കോട് ജില്ലയിലെ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന ഒരു ഗവ: യു.പി.സ്കൂൾ ആണല്ലോ. ഏകദേശം 1200 ഓളം കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്.ഒരു ക്ലാസിൽ 50 കുട്ടികൾ ഉണ്ടെങ്കിൽ ഓരോരുത്തരുടേയും അഭിരുചിക്കനുസരിച്ച് നാലോ അഞ്ചോ ഉപവിഭാഗമായി തിരിച്ച് ഏതെങ്കിലും ഒന്നിൽ ഓരോ കുട്ടിയും ചേരുന്ന രീതിയിൽ ക്ലാസിൽ നടപ്പിലാക്കിയാൽ അവരെ എല്ലാവരെയും ശ്രദ്ധിക്കുവാനും പഠനത്തിലും പഠനേതര വിഷയത്തിലും അവരെ മുന്നിലെത്തിക്കുവാൻ കഴിയും. അതായത് മ്യൂസിക്, ചിത്രരചന, വർക്ക് എക്സ്പീരിയൻസ്, നാടകം, നൃത്തം, പി.ഇ.ടി. ഇതിൽ ഏതെങ്കിലും ഒന്നിൽ ഒരു കുട്ടിയെ നിർബന്ധമായും പങ്കെടുപ്പിക്കുക. ഈ പ്രവർത്തനത്തിലൂടെ ഓരോ കുട്ടിയുടെയും കഴിവിനെ പരിപോഷിപ്പിക്കുവാൻ കഴിയുന്നു.

സ്കൂളിന്റെ നിലവാരം ഉയർത്തണമെങ്കിൽ പാഠ്യവിഷയത്തിലും പാഠ്യേതര വിഷയത്തിലും കുട്ടിയുടെ കഴിവ് ഉയരേണ്ടതുണ്ട്. 27 ഡിവിഷനുള്ള നമ്മുടെ വിദ്യാലയത്തിൽ ചിത്രരചനക്ക് ഒരു ഫുൾ ടൈം അധ്യാപകൻ ആവശ്യമുണ്ട്. ഈ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന തിനു വേണ്ടി നമ്മുടെ സ്കൂളിൽ നിർമ്മാണ പ്രവർത്തനമാരംഭിച്ച ആർട്ട് ഗാലറി പൂർത്തിയാക്കേണ്ടതുണ്ട്.കുട്ടികൾക്ക് ചിത്രരചന നടത്താനും അവർ വരച്ചവ പ്രദർശിപ്പിക്കുവാനും, സംരക്ഷിക്കുവാനും കഴിയണം. അതുപോലെ മ്യൂസിക്, നൃത്തം, നാടക കളരി, പി.ഇ.ടി. എന്നീ വിഭാഗങ്ങളിലുള്ള കുട്ടികളെയും ഒരു കുടക്കീഴിൽ കൊണ്ടുവന്ന് പ്രവർ ത്തനവും, പരിശീലനവും നൽകണമെങ്കിൽ ഒരു ഗാലറി കൂടിയേ കഴിയൂ. അതുപോലെ കേരളത്തിലെയും , ഇന്ത്യയിലെയും, ലോകത്തിലേയും ചിത്രകാരന്മാരെയും അവരുടെ ചിത്രങ്ങളെയും കാണിക്കുവാനും പരിചയപ്പെടുത്തുവാനും കഴിയണം.ഓരോ വിഭാഗത്തിന്റേയും അധ്യാപകർ അതിന്റെ ചുമതല വഹിക്കുന്നത് നന്നായിരിക്കും.ക്ലാസുകളിൽ ഇത് എത്രയും പെട്ടെന്ന് ആരംഭിക്കുവാൻ കഴിയും സ്കൂളിൽ നിർമ്മാണത്തിലിരിക്കുന്ന താൽക്കാലിക ഗാലറിക്കുപുറമെ രണ്ടു മൂന്നു വർഷം കൊണ്ട് ഒരു സ്ഥിരം ഗാലറി നിർമ്മിക്കുകയും വേണം.

**സാമ്പത്തികം**

സ്ഥിരം ഗാലറി നിർമ്മാണത്തിന് 15 ലക്ഷത്തോളം രൂപ വേണ്ടി വരും. ഈ നിർമ്മാണപ്രവർത്തനങ്ങൾക്ക് എസ്.എസ് എ യോ , പഞ്ചായത്തിനേയോ, എം.എൽ എ ഫണ്ടോ ഉപയോഗിക്കണം.

**ലക്ഷ്യം**

വർഷത്തിലൊരിക്കലെങ്കിലും ചിത്രരചനാ കളരി സംഘടിപ്പിക്കുകയും അതിൽ ചിത്രരചനയുടെ വിവിധ മേഖലകളെ പരിചയപ്പെടുത്തുകയും ഓരോ വിഭാഗത്തിലെ പ്രമുഖരെക്കൊണ്ട് ക്ലാസ് നടത്തുകയും ചെയ്യുക. ഇത് ചിത്രശിൽപ കലയിൽ താൽപര്യമുള്ളവരും വരക്കുന്നവരും ആയ വിദ്യാർത്ഥികൾക്ക് മാത്രമായിരിക്കും.

**രീതികൾ**

വാട്ടർകളർ , ഓയിൽ കളർ, കാർട്ടൂൺ, അക്രിലിക്, ചാർക്കോൾ, കാരിക്കേച്ചർ, മ്യൂറൽ, ടെമ്പ്ര കളർ, ഫേബ്രിക് പെയിന്റിംഗ് എന്നിവ.

**ഡിജിറ്റൽ ഡ്രോയിംങ്ങ്**

അഞ്ചാം ക്ലാസ് മുതൽ ഡിജിറ്റൽ ഡ്രോയിംങ്ങ് പഠിക്കുന്നുണ്ടല്ലോ. ഇതിൽ കഴിവുള്ളവരെ കണ്ടെത്തി നിലവിലെ സൗകര്യം ഉപയോഗപ്പെടുത്തി ഒന്നര മുതൽ രണ്ടര വരേയോ ശനിയാഴ്ച്ചകളിലോ കമ്പ്യൂട്ടർ ലാബ് ഉപയോഗപ്പെടുത്താവുന്നതും ഭാവിയിൽ സ്വന്തമായി പ്രൊജക്ടറും കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും ലഭ്യമാക്കേണ്ടതുണ്ട്.

**പരിഹാരം**

കലാവിദ്യാർത്ഥികൾക്ക് ആവശ്യമായ ടെക്സ്റ്റ് ബുക്കുകൾ , പഠന ബുക്കുകൾ, കളറുകൾ, ചാർട്ട് എന്നിവ ഗവൺമെന്റ് (SSA)
സൗജന്യമായി ലഭ്യമാക്കണം. അഞ്ഞൂറ് കുട്ടികളുള്ള വിദ്യാലയത്തിൽ എല്ലാ വിഭാഗത്തിന്റെയും ഒരു ഫുൾ ടൈം അധ്യാപകൻ നിർബന്ധമാണ്

# J R C

1920 ൽ സ്ഥാപിതമായ ഇന്ത്യൻ റെഡ് ക്രോസ് സൊസൈറ്റിയുടെ വിദ്യാർത്ഥി വിഭാഗമായ ജൂനിയർ റെഡ് ക്രോസ് സൊസൈറ്റി പൂന്തുർ ജി എം യു പി സ്കൂളിൽ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. നമ്മുടെ സ്കൂളിലെ അറുപതോളം കുട്ടികൾ ജെ ആർ സിയിൽ അംഗങ്ങളാണ്. സ്കൂളിന്റെ ശുചിത്വം, അച്ചടക്കം, പ്രഥമ ശുശ്രൂഷ എന്നീ രംഗങ്ങളിൽ ജെ ആർ സി യൂണിറ്റിന്റെ പ്രവർത്തനം മികച്ചതാണ്.' ആരോഗ്യം, സേവനം, സൗഹൃദം' ഈ ആപ്തവാക്യത്തെ സ്വാധൂകരിക്കുന്ന പ്രവർത്തനം കാഴ്ചവയ്ക്കാനാണ് ഇവിടുത്തെ ഓരോ ജെ ആർ സി അംഗവും ശ്രമിക്കുന്നത്.

**ലക്ഷ്യങ്ങൾ :**

* സേവന സന്നദ്ധത, സ്വഭാവരൂപ വത്കരണം,ദയ സ്നേഹം എന്നീ ഉത്കൃഷ്ടാദർശങ്ങൾ കുട്ടികളിൽ വളർത്തിയെടുക്കുക.
* സ്കൂളിന്റെ ശുചിത്വം, അച്ചടക്കം, പ്രഥമ ശുശ്രൂഷ എന്നീ രംഗങ്ങളിൽ ശ്രദ്ധ ചെലുത്തൽ.
* കേഡറ്റുകളിൽ നേതൃത്വപാടവം സഹകരണ മനോഭാവം എന്നിവ വളർത്തിയെടുക്കുക

**മേഖല**

| | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|
| 1 | പരിസ്ഥിതി സംരക്ഷണം | സ്കൂളിലെവിദ്യാവനത്തിലേക്ക് വൃക്ഷത്തൈ വിതരണം. | ജൂൺ | |
| 2 | സെലക്ഷൻ | അഞ്ചാം ക്ലാസിലെ പുതിയ ജെ ആർ സി കേഡറ്റുകളെ തിരഞ്ഞെടുക്കൽ | ജൂൺ | |
| 3 | ആരോഗ്യ പ്രവർത്തനങ്ങൾ | ലഹരിവിരുദ്ധ ബോധവത്കരണം | ജൂൺ | |
| 4 | ആരോഗ്യം | ഫസ്റ്റ് എയ്ഡ് ബോക്സ് നിർമ്മാണം. | ജൂലൈ | |
| 5 | ഭൗതികം | ജെ ആർ സി സ്കാർഫിങ് സെറിമണി പരേഡ് പരിശീലനം | ആഗസ്റ്റ് | |
| 6 | ശുചിത്വം | സ്കൂളുംപരിസരവും ശുചീകരണം. കാലയളവ് ഒക്ടോബർ | ഒക്ടോബർ | |
| 7 | സേവനം | മെഡിസിൻ കവറുകളുടെ നിർമ്മാണം കാലയളവ് | ഡിസംബർ | |
| 8 | പഠനയാത്ര | സ്പെഷ്യൽസ്കൂൾ സന്ദർശനം( കാരുണ്യ തീരം ) | ജനുവരി | |
| 9 | ഗൃഹ സന്ദർശനം | സ്കൂളിലെ കിടപ്പുരോഗിയായ വിദ്യാർത്ഥിയുടെ ഗൃഹ സന്ദർശനം | ഫെബ്രുവരി | |

# ഫോറസ്ട്രി ക്ലബ്ബ്

**ആമുഖം**

**കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ദേശീയ ഹരിതസേനയുടെ യൂണിറ്റാണ് സ്കൂളിലെ പരിസ്ഥിതി ക്ലബ്ബായ ഫ്ലോറ നേച്ചർ ക്ലബ് വിദ്യാർത്ഥികളിൽ പ്രകൃതി സംരക്ഷണ മനോഭാവം ,ശാസ്ത്രീയ മാലിന്യനിർമാർജനം, ജൈവകൃഷിരീതികൾ സ്വീകരിക്കൽ, വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ ,തുടങ്ങിയ ലക്ഷ്യങ്ങളോടുകൂടിയാണ് ഫ്ലോറനേച്ചർ ക്ലബ്ബ് സ്കൂളിൽ പ്രവർത്തിക്കുന്നത് ലക്ഷ്യങ്ങൾ**

**പ്രകൃതി സംരക്ഷണം ശാസ്ത്രീയ മാലിന്യനിർമാർജനം വ്യക്തി ശുചിത്വം പരിസര ശുചിത്വം എന്നിവ ഉറപ്പുവരുത്തൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കൽ സ്കൂളും പരിസരവും ഹരിതാഭമാക്കൽ പൂന്തോട്ട പരിപാലനം.**

| | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|
| 1 | പ്രകൃതി സംരക്ഷണം പ്രവർത്തനം | സ്കൂൾ പരിസരങ്ങളിൽ സസ്യങ്ങൾ നട്ടുപിടിപ്പിക്കൽ | | |
| 2 | ശാസ്ത്രീയ മാലിന്യ നിർമ്മാർജ്ജനം | സ്കൂളിലെ മാലിന്യങ്ങൾ ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതിനായി മൂന്നു തരത്തിലുള്ള വേസ്റ്റ് ബിന്നുകൾ ക്ലാസുകൾ സ്ഥാപിക്കൽ തരംതിരിച്ച് ശേഖരിക്കൽ ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കുക<br>ശേഖരിച്ച് മാലിന്യങ്ങൾ ഹരിത കർമ്മ സേനയ്ക്ക് കൈമാറുക | | |
| 3 | വ്യക്തി ശുചിത്വം പരിസര ശുചിത്വം എന്നിവ ഉറപ്പുവരുത്തുന്നതിന് ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏർപ്പെടുക | സ്കൂളിലെ കുട്ടികളുടെ വ്യക്തി ശുചിത്വം പരിസരത്വം എന്നിവ ഉറപ്പുവരുത്തുന്ന j തിനു ള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക മോണിറ്ററിംഗ് നടത്തി റിപ്പോർട്ടുകൾ തയ്യാറാക്കുക | | |
| 4 | ജൈവകൃഷിരീതികൾ പരിചയപ്പെടുത്തൽ | ജൈവകൃഷിരീതികൾ അവലംബിച്ച് സ്കൂളിൽ പച്ചക്കറിത്തോട്ടം വാഴ കൃഷി എന്നിവ നടത്തുക | | |
| 5 | മേഖലസ്കൂളുംപരിസരവും ഹരിതാഭമാക്കൽ | സ്കൂളിൽ പൂന്തോട്ടം നിർമ്മിക്കുക അതിൻറെ പരിപാലന പ്രവർത്തനങ്ങളിൽ ഏർപ്പെടുക | | |
| 6 | പ്രകൃതിയെ അറിയാം | പ്രവർത്തനം മഴ നടത്തം ട്രക്കിംഗ് പ്രകൃതി പഠന ക്യാമ്പുകൾ | | |

# സ്കൂൾ സോഷ്യൽ സർവീസ് സ്കീം

സ്കൂളുകളിൽ സാമൂഹ്യ സേവനത്തെ കുറിച്ചുള്ള പ്രായോഗിക ജ്ഞാനം വളർത്തിക്കൊണ്ടു വരിക എന്ന ലക്ഷ്യത്തോടെ പൊതു വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് സ്കൂൾ സോഷ്യൽ സർവീസ് സ്കീം.

2023 24 അധ്യയനവർഷത്തിലാണ് പൂനൂർ ജി എം യു പി സ്കൂളിൽ സ്കൂൾ സോഷ്യൽ സർവീസ് സ്കീം ആരംഭിച്ചത്. ആദ്യഘട്ടത്തിൽ അഞ്ചാം ക്ലാസിലെ 30 കുട്ടികളെയാണ് ഈ പരിപാടിയിലേക്ക് തെരഞ്ഞെടുത്തത്. ഈ അധ്യായന വർഷം 50 കുട്ടികളാണ് ഈ സ്കീമിൽ ഉള്ളത്.

| | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|
| 1 | ലഹരിമുക്ത വിദ്യാലയം | അവബോധ ക്ലാസ്സ് | ജൂൺ | |
| 2 | സെലക്ഷൻ | അഞ്ചാം ക്ലാസിലെ പുതിയ 10 കുട്ടികളെ വളണ്ടിയർമാരായി തെരഞ്ഞെടുക്കൽ. | ജൂൺ | |
| 3 | ലിംഗ നീതിയും സാമൂഹിക ബോധവും. | അവബോധ ക്ലാസ്സ് | ജൂലൈ | |
| 4 | അതിജീവനം | ശില്പശാല | ആഗസ്റ്റ് | |
| 5 | പരിസ്ഥിതി സംരക്ഷണം ശുചിത്വം മാലിന്യ സംസ്കരണം | ദ്വിദിനസഹവാസ ക്യാമ്പ് | സെപ്റ്റംബർ | |
| 6 | സാന്ത്വന സ്പർശം | അവബോധ ക്ലാസ്സ്, ഫീൽഡ് ട്രിപ്പ് | ഒക്ടോബർ | |
| 7 | ജീവിതനൈപുണി | ശില്പശാല | നവംബർ | |
| 8 | ആരോഗ്യ ശീലങ്ങളും സാമൂഹിക സുസ്ഥിതിയും | അവബോധ ക്ലാസ്സ് | നവംബർ | |
| 9 | കല സംസ്കാരം ചരിത്രം | ദ്വദിന സഹവാസ ക്യാമ്പ് | ഡിസംബർ | |